തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലം ഭാഗത്ത് റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള 10 ഏക്കറോളം ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച് നൽകിയിട്ടുള്ള പരാതിയിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ റീ-സർവ്വേ 167/8-1, 168/2,3,4, 169/1,3,4 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 2.13.61 ഹെക്ടർ നിലങ്ങളിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 12-6-2006-ൽ പത്തനംതിട്ട ജില്ലാ കളക്ടർ സി4-28196/06/കെ.ഡിസ് നമ്പരായി ഉത്തരവായിരുന്നതാണ്. പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഡേറ്റാബാങ്കിൽ ടി നിലങ്ങളും 168/5, 169/2, 167/4, 170/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതുമായ നിലങ്ങളും നികത്തി പുരയിടം എന്ന് നോട്ടിഫൈ ചെയ്തിട്ടുള്ളതും ആകുന്നു. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പെരിങ്ങര ഗ്രാമപഞ്ചായത്തിൽനിന്നും അനുമതി നൽകിയിട്ടുള്ളതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 18-5-2014-ലെ WP(C)7037/14 നമ്പർ ഉത്തരവ് പ്രകാരം റോഡ് നിരപ്പിൽ നിന്നും താഴ്ന്ന കിടക്കുന്ന ഭാഗങ്ങൾ മാത്രം നിബന്ധനകൾക്ക് വിധേയമായി നിരപ്പാക്കുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസർ അനുമതി നൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ ജോസഫ് ജോൺ ചിറപ്പറമ്പിൽ പെരുംതുരുത്തി എന്നയാൾ സമർപ്പിച്ച പരാതിയിൽ ടിയാന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും മേൽസൂചിപ്പിച്ച പ്രകാരം മറുപടി നല്കിയിട്ടുള്ളതും, ശ്രീ. ജോസഫ് ജോൺ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 27737/2014-ാം നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആണ്. ഈ കേസിൽ 16-11-2015-ന് ബഹു. കേരള ഹൈക്കോടതിയിൽ തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

ഭൂമി പോക്കുവരവു ചെയ്യുന്നതിനുള്ള കാലതാമസം

112(2991) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഭൂമി പോക്കുവരവു ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെക്കാലമായി ഇത്തരത്തിൽ പരാതികളുണ്ടായിട്ടും ഇത് പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമി പോക്കുവരവു ചെയ്യുകിട്ടുന്നതിനായി നിലവിൽ എത്ര അപേക്ഷകളുണ്ടെന്നും ഇവ പരിഗണനയ്ക്കെടുത്തിയിട്ട് എത്ര നാളുകളായെന്നും വിശദമാക്കാമോ;

(ഡി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി താലൂക്ക് ഓഫീസിൽ ലഭിക്കുന്ന പോക്കുവരവ് അപേക്ഷകളിൽ ഭൂരിഭാഗവും പുറമ്പോക്ക് പതിവ്/ദേവസ്വം പാട്ടാവകാശം/ലാന്റ് ടൈബ്യൂണൽ കുടികിടപ്പവകാശം എന്നിവ പ്രകാരമുള്ള പട്ടയങ്ങളിൽനിന്നും ആധാരങ്ങൾ എഴുതി നൽകിയിട്ടുള്ള കൈമാറ്റ അപേക്ഷകളാണ് ലഭിക്കുന്നത്. കൂടാതെ 15 വില്ലേജുകൾ ഉള്ളതിൽ 8 വില്ലേജുകളിൽ മാത്രമാണ് റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളത്. റീ-സർവ്വേ പൂർത്തിയായിട്ടുള്ള വില്ലേജുകളിൽ ധാരാളം റീ-സർവ്വേ അപാകതകൾ സർവ്വേയർമാരുടെ സേവനമുപയോഗിച്ച് പരിഹരിക്കേണ്ട ആവശ്യകത ഉണ്ടാകുന്നുണ്ട്. മേൽപ്പറഞ്ഞ പട്ടയങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ട സാഹചര്യം കാരണമാണ് സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാത്തത്.

(സി) 2015 നവംബർ മാസം 30-ാം തീയതി വരെ 425 അപേക്ഷകൾ നിലവിലുണ്ട്.

(ഡി) പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. താലൂക്ക് പരിധിയിൽ വരുന്ന 15 വില്ലേജുകളിലെയും പോക്കുവരവ് അപേക്ഷകൾ അഡീഷണൽ തഹസീൽദാർ നേരിട്ട് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന രീതിയാണ് തുടർന്നുപോന്നിരുന്നത്. അപേക്ഷകളുടെ ബാഹുല്യംകൊണ്ട് ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് തർക്കരഹിത അപേക്ഷകൾ 2 വില്ലേജുകൾക്ക് ഒരു ചാർജ്ജ് ഓഫീസർ എന്ന നിലയ്ക്ക് നിയമിച്ച് അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിവരുന്നുണ്ട്.

2. ലഭിക്കുന്ന അപേക്ഷകളിൽ നിയമ പ്രശ്നങ്ങളോ സാങ്കേതിക അപാകതകളോ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം നടപ്പിലാക്കി വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കൂടുതൽ സർവ്വേയർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരുന്നു.

4. ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പുതിയ താലൂക്കുകളിലെ തസ്തികകളും പശ്ചാത്തല സൗകര്യങ്ങളും

113(2992) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര താലൂക്കുകൾ അനുവദിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം തസ്തികകൾ അനുവദിച്ചു; ഇനി ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊണ്ടോട്ടി അടക്കമുള്ള താലൂക്കുകൾക്ക് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ എത്ര സർവ്വെ സ്റ്റാഫുകൾ ഉണ്ടെന്നും പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 12 താലൂക്കുകൾ. പ്രസ്തുത താലൂക്കുകളുടെ വിവരം അനുബന്ധം - എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പുതിയ താലൂക്കിലേക്ക് അനുവദിച്ച തസ്തികകൾ അനുബന്ധം - ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ താലൂക്കുകളിലേക്ക് ഇനി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിവരം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 12 താലൂക്കുകളിൽ പത്തനംതിട്ട ജില്ലയിലെ കോന്നി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി എന്നീ താലൂക്കുകൾ മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയതായി രൂപീകരിച്ച മറ്റ് താലൂക്കുകളായ കാട്ടാക്കട, വർക്കല, ചാലക്കുടി, പട്ടാമ്പി, ഇരിട്ടി, വെള്ളരിക്കുണ്ട് എന്നിവയ്ക്ക് മിനി സിവിൽ സ്റ്റേഷൻ/കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊണ്ടോട്ടി, മഞ്ചേശ്വരം, ഇടുക്കി എന്നീ താലൂക്കുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക്, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly